late answers received on 13/12/12

# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 8** **10.12.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. എ.റ്റി. ജോർജ്:<br>ശ്രീ; ആർ. സെൽവരാജ്<br>ശ്രീ. എം.എ. വാഹീദ്; | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ എടുത്തിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. ഇ.ഐ.എ പഠനം<br><br>വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖ പദ്ധതിയ്ക്കായുള്ള ടേംസ് ഓഫ് റഫറൻസ്, 2011 ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയുണ്ടായി. പാരിസ്ഥിതിക അനുമതിയ്ക്കായി ഒരു വർഷം നീണ്ടു നിൽക്കുന്ന (എല്ലാ കാലാവസ്ഥയിലും) പഠനം നടത്തുന്നതിനായി ഏഷ്യൻ കൺസൽട്ടിംഗ് എൻജിനീയേഴ്സ് (ഇന്ത്യ) ലിമിറ്റഡിനെയും റ്റി.ഒ.ആർ നിർദ്ദേശിച്ചിട്ടുള്ള മറ്റു പാരിസ്ഥിതിക പഠനത്തിനായി കേന്ദ്ര സർക്കാർ അംഗീകൃത കൺസൽട്ടന്റായ എൽ& റ്റി റാംബോളിനെയും ഏൽപ്പിക്കുകയുണ്ടായി. ഈ പഠനം 2012 ജൂലൈ മാസത്തോടു കൂടി കഴിയേണ്ടതായിരുന്നെങ്കിലും വിവിധ തുറകളിലെ അപേക്ഷ |

-----2

പ്രകാരം 2012 വർഷകാലസ്ഥിതി വിവരം കൂടി ഉൾപ്പെടുത്തി പഠനം സെപ്റ്റംബർ 2012 വരെ നീട്ടുകയും ചെയ്തു.

പ്രസ്തുത വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ 2012 ഡിസംബർ മാസത്തോടു കൂടി കരട് പാരിസ്ഥിതിക പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും തുടർന്ന് പബ്ലിക് ഹിയറിംഗ് നടത്താനുമുള്ള നടപടികൾ എടുത്തു വരുന്നു. പബ്ലിക് ഹിയറിംഗിന്റെ സാരാംശം കൂടി ഉൾപ്പെടുത്തി അന്തിമ പാരിസ്ഥിതിക പഠന റിപ്പോർട്ടും, പാരിസ്ഥിതികാനുമതിക്കായിട്ടുള്ള അപേക്ഷയും പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു.

2. <u>പദ്ധതി ചെലവും ധനസമാഹരണവും</u>

പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ അടങ്കൽ തുക 4010 കോടി രൂപയായി പുനർ നിർണ്ണയിച്ചു. ഇതിനാവശ്യമായ വായ്പ നൽകുന്നതിന് ഹഡ്കോ, ഐ.ഐ.എഫ്.സി.എൽ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെ സമീപിയ്ക്കുകയും, അവർ അത് തത്വത്തിൽ അംഗീകരിക്കുകയുമുണ്ടായി. കൂടാതെ എസ്.ബി.റ്റി യുടെ നേതൃത്വത്തിൽ 17 ബാങ്കുകളുടെ കൺസോർഷ്യം ആർ.ബി.ഐ ഗൈഡ്‌ലൈൻ പ്രകാരം സാമ്പത്തിക സഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. സർക്കാർ ബോണ്ട് വിതരണം നടത്തി 810 കോടി രൂപ സമാഹരിക്കുന്നതിന്റെ ഭാഗമായി എസ്.ബി.ഐ ക്യാപ്പിറ്റൽ മാർക്കറ്റി ന്റെ നേതൃത്വത്തിൽ ക്രെഡിറ്റ് റേറ്റിംഗ്

പൂർത്തീകരിക്കുകയും A-(SO)/BBB + റേറ്റിംഗ് ലഭ്യമാക്കുകയും ചെയ്തു. നാളിതുവരെ 405.45 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയ്ക്ക് നല്കിയിട്ടുണ്ട്. 2011-2012 വർഷത്തെ ബഡ്ജറ്റിൽ വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി 197.84 കോടി രൂപയും 2012-13 -ലെ ബഡ്ജറ്റിൽ 223.68 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**3. സ്ഥലമേറ്റെടുപ്പ്**

നോട്ടിഫൈ ചെയ്തിട്ടുള്ള 297.03.157 ഏക്കർ ഭൂമിയിൽ നിന്നും നാളിതു വരെ 96.29.015 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. ഇതിൽ തുറമുഖ നിർമ്മാണത്തിന് ആവശ്യമായ ഭൂമിയുടെ 95%-ഉം ഉൾപ്പെടുന്നു. ബാക്കിയുള്ള 200.74.142 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

**4. മാസ്റ്റർ പ്ലാൻ നിർമ്മാണവും, ഇപിസി ടെൻഡർ നടപടികളും**

മാസ്റ്റർ പ്ലാൻ, ഇ.പി.സി ടെണ്ടർ നടപ്പാക്കൽ തുടങ്ങിയവയ്ക്കായി AECOM എന്ന കൺസൾട്ടൻസിയെ ഏൽപ്പിക്കാൻ 15.06.2011-ൽ കൂടിയ VISL ബോർഡ് മീറ്റിംഗ് തത്വത്തിൽ അംഗീകരിക്കുകയുണ്ടായി. പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ ഇ പി സി ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന തരത്തിൽ വിശദമായ പഠനറിപ്പോർട്ട് നിർമ്മാണം, കൺസൾട്ടൻസി വഴി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

## 5. ബാഹ്യ അടിസ്ഥാന സൗകര്യ വികസനം

### വൈദ്യുതി

വിഴിഞ്ഞം - ബാലരാമപുരം ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കാനുള്ള ടെണ്ടർ നടപടികളും ബാലരാമപുരം - കാട്ടാക്കട ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളും പുരോഗമിക്കുന്നു.

### വെള്ളം

പണി പൂർത്തിയായി വരുന്നു.

### റോഡ്

600 മീറ്റർ നീളമുള്ള ടെമ്പററി റോഡിന്റെ 530 മീറ്റർ പൂർത്തിയായി.

പദ്ധതി പ്രദേശത്തെ എൻ എച്ച് ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണത്തിന് എൻ. എച്ച് എ ഐ യുടെ അനുമതി ലഭിക്കേണ്ടതുണ്ട്.

### റെയിൽ

പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽ നിർമ്മാണം ഇന്ത്യാ ഗവൺമെന്റിന്റെ റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയായി കൂട്ടിച്ചേർത്തിട്ടുണ്ട്. തലസ്ഥാനത്ത് പുതുതായി അനുവദിച്ച മോണോ റെയിലിന്റെ നിർദ്ദിഷ്ട പാത, തുറമുഖ പദ്ധതിയുടെ മുൻ നിശ്ചയിച്ചിരുന്ന പാതയുമായി കൂട്ടിമുട്ടുന്നതിനാൽ, ആർവിഎൻഎൽ മോണോ റെയിൽ പദ്ധതിയെ ബന്ധിക്കാതെ തറനിരപ്പിൽ കൂടിയുള്ള ഒരു

പുതിയ പാത കണ്ടെത്തി പഠിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ചു പഠനം നടത്തുകയും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് റെയിൽവേക്കു സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6. <u>തുറമുഖ നടത്തിപ്പുകാരനെ തെരഞ്ഞെടുക്കൽ</u>

തുറമുഖത്തിന്റെ ഓപ്പറേറ്റർക്ക് വേണ്ടിയുള്ള കരാറുകാരനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ തുടങ്ങിയിരുന്നെങ്കിലും ഏക ബിഡ്ഡറായി കേന്ദ്രാനുമതി ലഭിച്ച വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡ് 399.5 കോടി രൂപ ഗ്രാന്റ് നൽകാൻ ആവശ്യപ്പെടുകയുണ്ടായി. അതിനാൽ ടെണ്ടർ നടപടികൾ റദ്ദു ചെയ്യുകയും, പാരിസ്ഥിതിക അനുമതി ലഭ്യമായ ശേഷം വീണ്ടും ടെൻഡർ നടപടികളുമായി മുന്നോട്ടു പോകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ മാസ്റ്റർ പ്ലാൻ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | AECOM തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ 26.09.2012-ൽ കൂടിയ VISL ബോർഡ് മീറ്റിംഗിൽ തത്വത്തിൽ അംഗീകരിക്കുകയുണ്ടായി. ഈ മാസ്റ്റർ പ്ലാൻ മുൻനിർത്തി വിശദമായ പഠന റിപ്പോർട്ട് , പാരിസ്ഥിതിക പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനൊപ്പം പ്രസിദ്ധീകരിക്കുന്നതിനായി തയ്യാറാക്കി വരുന്നു. |
| (സി) | പദ്ധതിക്കുള്ള പാരിസ്ഥിതിക അനുമതിക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | പാരിസ്ഥിതിക പഠനത്തിനായുള്ള ടേംസ് ഓഫ് റഫറൻസ്, 2011 ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | പാരിസ്ഥിതിക അനുമതിയ്ക്കായി ഒരു വർഷം നീണ്ടു നിൽക്കുന്ന (എല്ലാ കാലാവസ്ഥയിലും) പഠനം നടത്തുന്നതിനായി പദ്ധതി ഉപദേശകരായി തെരഞ്ഞെടുത്ത ഐ.എഫ്.സി ക്കു വേണ്ടി കേന്ദ്ര സർക്കാർ അംഗീകൃത കൺസൾട്ടന്റായ ഏഷ്യൻ കൺസൾട്ടിംഗ് എൻജിനിയേഴ്സ്(ഇന്ത്യ) ലിമിറ്റഡിനെയും റ്റി.ഒ.ആർ പ്രകാരമുള്ള മറ്റു പാരിസ്ഥിതിക പഠനത്തിനായി കേന്ദ്ര സർക്കാർ അംഗീകൃത കൺസൾട്ടന്റായ എൽ & റ്റി റാംബോളിനെയും ഏൽപ്പിക്കുകയുണ്ടായി. ഈ പഠനം 2012 ജൂലൈ മാസത്തോടു കൂടി കഴിയേണ്ടതായിരുന്നെങ്കിലും വിവിധ തുറകളിൽ നിന്നുള്ള അപേക്ഷ പ്രകാരം 2012 വർഷകാല സ്ഥിതി വിവരം കൂടി ഉൾപ്പെടുത്തി പഠനം സെപ്റ്റംബർ 2012 വരെ നീട്ടുകയും ചെയ്തു.<br><br>പ്രസ്തുത വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ 2012 ഡിസംബർ മാസത്തോടു കൂടി കരട് പാരിസ്ഥിതിക പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും തുടർന്ന് പബ്ലിക് ഹിയറിംഗ് നടത്താനുമുള്ള നടപടികൾ എടുത്തു വരുന്നു. പബ്ലിക് ഹിയറിംഗിന്റെ സാരാംശം കൂടി ഉൾപ്പെടുത്തി അന്തിമ പാരിസ്ഥിതിക പഠന റിപ്പോർട്ടും , പാരിസ്ഥിതികാനുമതിയ്ക്കായിട്ടുള്ള അപേക്ഷയും പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പദ്ധതിയുടെ ഭാഗമായി സാമൂഹിക ഉത്തരവാദിത്തമുള്ള ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; | (ഡി) | സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ സമഗ്രവും ദീർഘവീക്ഷണത്തോടെയുള്ള നടത്തിപ്പിനുമായി വിഴിഞ്ഞം പദ്ധതി പ്രദേശത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിലുള്ള |

മേഖലയെ പോർട്ട് സിറ്റി എന്ന രീതിയിൽ വികസനം ലക്ഷ്യമിട്ടുകൊണ്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സെന്റർ ഫോർ എൻവയോൺമെന്റൽ പ്ലാനിംഗ് & ടെക്നോളജി യൂണിവേഴ്സിറ്റി അഹമ്മദാബാദിനെ നിയോഗിച്ചിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിയുടെ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിഴിഞ്ഞം ഭാഗത്ത് ഒരു സീഫുഡ് പാർക്കും, സ്കിൽ ഡവലപ്പ്മെന്റ് സെന്ററും തുടങ്ങാനും മുല്ലൂർ അപ്പർ പ്രൈമറി സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്താനും സെപ്റ്റംബർ 25, 2012-ൽ ചേർന്ന ബോർഡ് മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി.

ഇതിനു പുറമേ പദ്ധതി പ്രദേശത്തെ തദ്ദേശവാസികളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും പദ്ധതിയ്ക്കാവശ്യമായ ജലവിതരണം ഉറപ്പു വരുത്തുന്നതിനും 22.01.2012-ൽ ബഹു. മുഖ്യമന്ത്രി പദ്ധതി പ്രദേശത്തേയ്ക്ക് ഒരു ശുദ്ധജല നിർമ്മാണ പ്രവർത്തനം ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇതു പ്രകാരം 1.5 എം.എൽ.ഡി ശുദ്ധജലം തദ്ദേശീയർക്കു ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നു വരുന്നു.

| | | | |
|---|---|---|---|
| (ഇ) | പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട പുനരധിവാസ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഇ) | ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി മൂലം വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്കായുള്ള പുനരധിവാസ പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജ് പ്രകാരം വസ്തു വിലയ്ക്ക് തന്നിട്ടുള്ള വീട്ടുടമസ്ഥർക്ക് വിലയ്ക്കു പുറമേ |

സൗജന്യമായി 5 സെന്റ് ഭൂമിയും 6
മാസത്തെ വീട്ടു വാടക
ഹാർഡ്ഷിപ്പ് അലവൻസായും
ആണ് നൽകുന്നത്.

Sd/-

സെക്ഷൻ ഓഫീസർ